peaceradio
Tune to reality

# പീസ് റേഡിയോ

# അന്നൂർ

## ക്വുർആൻ പഠന പദ്ധതി

## മൊഡ്യുൾ–9

### കോഴ്സ് വർക്ക് (9.9)

بسم الله الرحمن الرحيم

പീസ് റേഡിയോയിൽ നടന്നു വരുന്ന അന്നൂർ ക്വുർആൻ പഠന പദ്ധതിയുടെ ഒമ്പതാം ഘട്ട പരീക്ഷയോട് അനുബന്ധിച്ചുള്ള കോഴ്സ് വർക്കാണ് താഴെ നൽകിയിരിക്കുന്നത്. നാം തിരഞ്ഞെടുത്തിരിക്കുന്നത് മലക്കുകളിലുള്ള വിശ്വാസം എന്ന വിഷയവുമായി ബന്ധപ്പെട്ട മൂന്നാമത്തെ പാഠഭാഗങ്ങളാണ്.

മലക്കുകൾ ആരാണ്, മലക്കുകളിലുള്ള വിശ്വാസം, മലക്കുകളുടെ സൃഷ്ടിപ്പ്, മലക്കുകളുടെ പേരുകൾ, മലക്കുകളുടെ ദൗത്യങ്ങൾ എല്ലാം കഴിഞ്ഞ പാഠക്കുറിപ്പുകളിലൂടെ നാം വിവരിച്ചു കഴിഞ്ഞു.

ഇത്തവണ നാം വിവരിക്കുന്നത് മലക്കുകളുടെ പ്രാർത്ഥന ലഭിക്കുന്നതും ശാപം ലഭിക്കുന്നതുമായ കാര്യങ്ങളും മലക്കുകളോടുള്ള നമ്മുടെ കടമകളുമാണ് ഉദ്ദേശിക്കുന്നത്.

**മലക്കുകളുടെ പ്രാർത്ഥന ലഭിക്കുന്നവർ.**

അല്ലാഹു പറഞ്ഞു: മലക്കുകൾ തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം പ്രകീർത്തിച്ചു കൊണ്ടിരിക്കുന്നു. ഭൂമിയിലുള്ളവർക്ക് വേണ്ടി അവർ പാപമോചനം തേടുകയും ചെയ്യുന്നു. അറിയുക, തീർച്ചയായും അല്ലാഹു തന്നെയാകുന്നു ഏറെ പൊറുക്കുന്നവനും കരുണാനിധിയും.(ഖുർആൻ : 42/5)

**ഇബ്നു ബത്താൽ (റ) പറഞ്ഞു:**

قال ابن بطال رحمه الله :وَمَعْلُومٌ أَنَّ دُعَاءَ المَلاَئِكَةِ مُجَابٌ

തീർച്ചയായും മലക്കുകളുടെ പ്രാർത്ഥന ഉത്തരം ലഭിക്കപ്പെടുന്ന (പ്രാർത്ഥന യാണന്നത്) അറിയപ്പെട്ട കാര്യമാണ്. (ശറഹ് സ്വഹീഹുൽ ബുഖാരി : 3/439)

## ആർക്കാണ് മലക്കുകളുടെ പ്രാർത്ഥന ലഭിക്കുക?

1. **അല്ലാഹുവിലേക്ക് ഖേദിച്ചു മടങ്ങുന്നവർ**

സിംഹാസനം വഹിക്കുന്നവരും അതിന്റെ ചുറ്റിലുള്ളവരും (മലക്കുകൾ) തങ്ങളുടെ രക്ഷിതാവിനെ സ്തുതിക്കുന്നതോടൊപ്പം കീർത്തനം നടത്തുകയും അവനിൽ വിശ്വസിക്കുകയും, വിശ്വസിച്ചവർക്ക് വേണ്ടി (ഇപ്രകാരം) പാപമോചനം തേടുകയും ചെയ്യുന്നു: ഞങ്ങളുടെ രക്ഷിതാവേ, നിന്റെ കാരുണ്യവും അറിവും സകല വസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കുന്നു. ആകയാൽ പശ്ചാത്തപിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്യുന്നവർക്ക് നീ പൊറുത്തുകൊടുക്കേണമേ. അവരെ നീ നരകശിക്ഷയിൽ നിന്ന് കാക്കുകയും ചെയ്യേണമേ. ഞങ്ങളുടെ രക്ഷിതാവേ, അവർക്ക് നീ വാഗ്ദാനം ചെയ്തിട്ടുള്ള സ്ഥിരവാസത്തിനുള്ള സ്വർഗങ്ങളിൽ അവരെയും അവരുടെ മാതാപിതാക്കളെയും, ഭാര്യമാർ, സന്തതികൾ എന്നിവരിൽ നിന്നു സദ്വൃത്തരായിട്ടുള്ളവരെയും നീ പ്രവേശിപ്പിക്കേണമേ. തീർച്ചയായും നീ തന്നെയാകുന്നു പ്രതാപിയും യുക്തിമാനും. അവരെ നീ തിന്മകളിൽ നിന്ന് കാക്കുകയും ചെയ്യേണമേ. അന്നേ ദിവ

സം നീ ഏതൊരാളെ തിന്മകളിൽ നിന്ന് കാക്കുന്നുവോ, അവനോട് തീർച്ചയായും നീ കരുണ കാണിച്ചിരിക്കുന്നു. അതു തന്നെയാകുന്നു മഹാഭാഗ്യം. (ഗാഫിർ)

2. **നമസ്കാരത്തിൽ ഇമാം ഫാത്തിഹ ഓതി ആമീൻ ചൊല്ലുമ്പോൾ**

عَنْ أَبِي هُرَيْرَةَ، أَنَّ النَّبِيَّ صلى الله عليه وسلم قَالَ " إِذَا أَمَّنَ الإِمَامُ فَأَمِّنُوا فَإِنَّهُ مَنْ وَافَقَ تَأْمِينُهُ تَأْمِينَ الْمَلاَئِكَةِ غُفِرَ لَهُ مَا تَقَدَّمَ مِنْ ذَنْبِهِ ". وَقَالَ ابْنُ شِهَابٍ وَكَانَ رَسُولُ اللَّهِ صلى الله عليه وسلم يَقُولُ " آمِينَ

അബൂഹുറൈറയിൽ (റ) നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: ഇമാം 'ആമീൻ' ചൊല്ലിയാൽ നിങ്ങളും ആമീൻ ചൊല്ലുവിൻ. ഒരാളുടെ ആമീൻ ചൊല്ലൽ മലക്കുകളുടെ ആമീൻ ചൊല്ലലുമായി ഒത്തുവന്നാൽ അവൻ ചെയ്തുപോയ പാപങ്ങൾ പൊറുക്കപ്പെട്ടും. (ബുഖാരി)

- നമസ്കാരത്തിൽ ഇമാമിന്റേയും തുടർന്ന് നമസ്കരിക്കുന്നവരുടേയും ആമീൻ ഒരേ സമയത്തായിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
- ഇമാമിനെ മുൻകടക്കുന്നത് വലിയ കുറ്റമാണ് എന്നത് മറക്കരുത്.
- അത് ആമീൻ പറയുന്ന വിഷയത്തിലായാലും ശരി.

3. **തന്റെ സഹോദരനുവേണ്ടി അവന്റെ അഭാവത്തിൽ പ്രാർത്ഥിക്കുന്നവൻ**

عَنْ أُمُّ الدَّرْدَاءِ، قَالَتْ حَدَّثَنِي سَيِّدِي، أَنَّهُ سَمِعَ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ :مَنْ دَعَا لأَخِيهِ بِظَهْرِ الْغَيْبِ قَالَ الْمَلَكُ الْمُوَكَّلُ بِهِ آمِينَ وَلَكَ بِمِثْلٍ

അല്ലാഹുവിന്റെ റസൂൽ (സ്വ) പറഞ്ഞു: തന്റെ സഹോദരനുവേണ്ടി അവന്റെ അസാന്നിധ്യത്തിൽ ആരാണൊ പ്രാർത്ഥിക്കുന്നത്, അന്നേരം അതുകൊണ്ട് ഭരമേൽപ്പിക്കപ്പെട്ട മലക്ക് പറയും: ആമീൻ, അതുപോലുള്ളത് നിനക്കും ഉണ്ടാവട്ടെ (മുസ്‌ലിം)

- നമ്മുടെ സഹോദരന്റെ പ്രയാസങ്ങൾ മാറുന്നതിനുവേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ പ്രയാസങ്ങൾ മാറുന്നതിന് വേണ്ടി മലക്കുകൾ പ്രാർത്ഥിക്കുന്നു.
- അവന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി നാം പ്രാർത്ഥിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടി മലക്കുകൾ പ്രാർത്ഥിക്കുന്നു. അല്ലാഹു എത്ര വലിയവൻ.

4. **രോഗ സന്ദർശനം നടത്തിയാൽ**

അലി(റ) വിൽ നിന്ന് നിവേദനം: അല്ലാഹുവിന്റ റസൂൽ (സ്വ) പറഞ്ഞു: ഒരു മുസ്ലിം മറ്റൊരു മുസ്ലിമിനെ വൈകുന്നേര പ്രഭാത സമയത്ത് രോഗ സന്ദർശനം നടത്തിയാൽ പ്രഭാതം വരെ എഴുപതിനായിരം മലക്കുകൾ അവന് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നതാണ്. അവന് സ്വർഗ്ഗത്തിൽ ഫല സമൃദ്ധമായ തോട്ടമുണ്ട്. പ്രഭാത സമയത്താണ് ഒരാൾ മുസ്ലിമിനെ രോഗ സന്ദർശനം നടത്തുന്നതെങ്കിൽ, എഴുപതിനായിരം മലക്കുകൾ വൈകുന്നേരം വരെ അവന് പാപമോചനത്തിനായി പ്രാർത്ഥിക്കുന്നതാണ്. അവന് സ്വർഗ്ഗത്തിൽ ഫലസമൃദ്ധമായ തോട്ടമുണ്ട്. (അബൂദാവൂദ്)

5. ദാനധർമ്മം ചെയ്യുന്നവൻ

അബൂഹുറൈറ(റ) പറയുന്നു: നബി(സ്വ) പറഞ്ഞു: എല്ലാ ദിവസവും പ്രഭാതത്തിൽ രണ്ട് മലക്കുകൾ ഇറങ്ങിവരികയും എന്നിട്ട് അവരിൽ ഒരു മലക്ക് അല്ലാഹുവേ, (സമ്പത്ത് നല്ലകാര്യത്തിന്) ചിലവ് ചെയ്യുന്നവന് നീ പകരം കൊടുക്കേണമേ എന്നും മറ്റേ മലക്ക് അല്ലാഹുവേ, ചെലവഴിക്കാത്തവന് (പിശുക്ക് കാണിക്കുന്നവന്) നീ നാശം ഉണ്ടാക്കണമേ എന്നും പ്രാർത്ഥിക്കു ന്നതാണ്. (ബുഖാരി: മുസ്ലിം)

6. മയ്യിത്തിന്റെ അടുക്കൽ നല്ലതു പറയുക

عَنْ أُمِّ سَلَمَةَ، قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِذَا حَضَرْتُمُ الْمَرِيضَ أَوِ الْمَيِّتَ فَقُولُوا خَيْرًا فَإِنَّ الْمَلاَئِكَةَ يُؤَمِّنُونَ عَلَى مَا تَقُولُونَ

ഉമ്മുസലമയിൽ(റ)നിന്ന് നിവേദനം: റസൂൽ (സ്വ) പറഞ്ഞു: രോഗിയുടെയോ മയ്യിത്തിന്റെയോ സമീപത്ത് സന്നിഹിതരാവുമ്പോൾ നല്ലതേ നിങ്ങൾ പറയാവൂ. നിങ്ങളുടെ പ്രാർത്ഥനകൾക്ക് മലക്കുകൾ ആമീൻ ചൊല്ലും.. (മുസ്ലിം)

7. സുബ്ഹി, അസ്ർ ജമാഅത്തായി നമസ്കരിച്ചവൻ

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : يَتَعَاقَبُونَ فِيكُمْ مَلاَئِكَةٌ بِاللَّيْلِ وَمَلاَئِكَةٌ بِالنَّهَارِ، وَيَجْتَمِعُونَ فِي صَلاَةِ الْفَجْرِ وَصَلاَةِ الْعَصْرِ، ثُمَّ يَعْرُجُ الَّذِينَ بَاتُوا فِيكُمْ، فَيَسْأَلُهُمْ وَهْوَ أَعْلَمُ بِهِمْ كَيْفَ تَرَكْتُمْ عِبَادِي فَيَقُولُونَ تَرَكْنَاهُمْ وَهُمْ يُصَلُّونَ، وَأَتَيْنَاهُمْ وَهُمْ يُصَلُّونَ

അബൂഹുറൈറ(റ) നിവേദനം: തിരുമേനി(സ) അരുളി: രാത്രിയും പകലും നിങ്ങളുടെ അടുക്കലേക്ക് മലക്കുകൾ മാറി മാറി വന്നു കൊണ്ടിരിക്കും. എന്നിട്ട് അസ്ർ നമസ്കാരവേളയിലും സുബ്ഹി നമസ്കാരവേളയിലും അവരെല്ലാവരും സമ്മേളിക്കും. പിന്നീട് നിങ്ങളോടൊപ്പം താമസിക്കുന്നവർ മേൽപോട്ട് കയറിപ്പോകും. അന്നേരം അല്ലാഹു അവരോട് ചോദിക്കും. ആ ദാസൻമാരെക്കുറിച്ച് അല്ലാഹുവിന് പരിപൂർണ്ണ ജ്ഞാനമുള്ളതോടുകൂടി എന്റെ ദാസൻമാരെ നിങ്ങൾ വിട്ടുപോരുമ്പോൾ അവരുടെ സ്ഥിതിയെന്തായിരുന്നു. അന്നേരം മലക്കുകൾ പറയും: ഞങ്ങൾ ചെന്നപ്പോൾ അവർ നമസ്കരിക്കുകയായിരുന്നു. തിരിച്ച് പോരുമ്പോഴും അവർ നമസ്കരിക്കുക തന്നെയാണ്. (ബുഖാരി)

ഇമാം അഹ്മദിന്റെ (റഹി) റിപ്പോർട്ടിൽ ഇപ്രകാരം കൂടി വന്നിട്ടുണ്ട് :

تقول الملائكة : اللَّهُمَّ اغفر لهم يوم الدين

മലക്കുകൾ പറയും: "അതിനാൽ നീ അവർക്ക് പ്രതിഫലനാളിൽ പൊറുത്തു കൊടുക്കേണമേ”.

### 8. ജനങ്ങളെ നൻമ പഠിപ്പിക്കുന്നവൻ

عَنْ أَبِي أُمَامَةَ الْبَاهِلِيِّ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ اللَّهَ وَمَلاَئِكَتَهُ وَأَهْلَ السَّمَوَاتِ وَالأَرْضِ حَتَّى النَّمْلَةَ فِي جُحْرِهَا وَحَتَّى الْحُوتَ لَيُصَلُّونَ عَلَى مُعَلِّمِ النَّاسِ الْخَيْرَ

നബി(സ) പറഞ്ഞു: തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും ആകാശങ്ങളിലുള്ളവരും ഭൂതലങ്ങളിലുള്ളവരും മാളങ്ങളിലുള്ള ഉറുമ്പുകളും മൽസ്യങ്ങൾ പോലും ജനങ്ങളെ നന്മ പഠിപ്പിക്കുന്നവന് കാരുണ്യവർഷത്തിന് വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരിക്കുന്നു. (സുനനുത്തിർമുദി: - അൽബാനി ഈ ഹദീസിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു)

ദഅവത്തിന്റെ (ഇസ്ലാമിക പ്രബോധനത്തിന്റെ) പ്രാധാന്യം ഈ ഹദീസിൽ നിന്ന് വ്യക്തമാണ്.

### 9. നബിയുടെ (സ്വ) മേൽ സ്വലാത്ത് ചൊല്ലൽ

عَنْ عَبْدَ اللَّهِ بْنَ عَامِرِ بْنِ رَبِيعَةَ، عَنْ أَبِيهِ،، قَالَ : سَمِعْتُ النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ يَقُولُ : مَا مِنْ عَبْدٍ يُصَلِّي عَلَيَّ إِلا صَلَّتْ عَلَيْهِ الْمَلائِكَةُ مَا صَلَّى عَلَيَّ

നബി(സ്വ) പറഞ്ഞു : ഒരാൾ എനിക്ക് വേണ്ടി സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുമ്പോഴെല്ലാം മലക്കുകൾ അയാൾക്കു വേണ്ടിയും സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കും (അഹ്മദ്)

- മലക്കുകൾ അയാൾക്കു വേണ്ടി സ്വലാത്ത് ചൊല്ലുമെന്നു പറഞ്ഞാൽ മലക്കുകൾ അയാൾക്കു വേണ്ടി പ്രാർത്ഥിക്കുമെന്നർത്ഥം.

### 10. സ്വഫുകൾ കൃത്യമായി പൂർത്തീകരിക്കുന്നവൻ

عَنْ عَائِشَةَ، قَالَتْ قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم ـ : إِنَّ اللَّهَ وَمَلاَئِكَتَهُ يُصَلُّونَ عَلَى الَّذِينَ يَصِلُونَ الصُّفُوفَ وَمَنْ سَدَّ فُرْجَةً رَفَعَهُ اللَّهُ بِهَا دَرَجَةً

ആയിശ(റ) നിവേദനം.നബി(സ്വ) പറഞ്ഞു. സ്വഫുകൾ പൂർത്തീകരിക്കുന്നവന് അല്ലാഹുവും മലക്കുകളും സ്വലാത്ത് ചൊല്ലുന്നതാണ്.ആരെങ്കിലും നമസ്കാരത്തിൽ സ്വഫുകൾക്കിടയിലെ വിടവ് നികത്തിയാൽ അവന് പദവികൾ ഉയർത്തി കൊടുക്കുന്നതാണ്. (ഇബ്നുമാജ)

- അല്ലാഹു സ്വലാത്ത് ചൊല്ലുന്നതാണെന്ന് പറഞ്ഞാൽ അനുഗ്രഹം ചൊരിയുന്നതാണെന്നും മലക്കുകൾ സ്വലാത്ത് ചൊല്ലുന്നതാണെന്ന് പറഞ്ഞാൽ അനുഗ്രഹത്തിന് വേണ്ടി പ്രർത്ഥിക്കുന്നതാണെന്നുമാണ്.

### 11. നമസ്കാരത്തിൽ ഒന്നാമത്തെ സ്വഫുകാർക്ക്

عَنْ عَبْدِ الرَّحْمَنِ بْنِ عَوْفٍ، عَنْ أَبِيهِ، قَالَ قَالَ رَسُولُ اللَّهِ ـ صلى الله عليه وسلم ـ : إِنَّ اللَّهَ وَمَلاَئِكَتَهُ يُصَلُّونَ عَلَى الصَّفِّ الأَوَّلِ

അബ്ദുറഹ്മാൻ ഇബ്നു ഔഫ് (റ) നിവേദനം റസൂൽ (സ്വ) പറഞ്ഞു: ഒന്നാമത്തെ സ്വഫ്ഫുകാരുടെ മേൽ അല്ലാഹുവും മലക്കുകളും സ്വലാത്ത് ചൊല്ലുന്നതാണ്. (ഇബ്നുമാജ, അഹ്മദ്, ഹാകിം, അബൂദാവൂദ് - അൽബാനി സ്വഹീഹായി രേഖപ്പെടുത്തിയത്)

### 12. നമസ്കാരത്തിൽ സ്വഫ്ഫുകളിൽ വലത് ഭാഗത്തുള്ളവർക്ക്

عَنْ عَائِشَةَ، قَالَتْ قَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ اللَّهَ وَمَلاَئِكَتَهُ يُصَلُّونَ عَلَى مَيَامِنِ الصُّفُوفِ

ആയിശ (റ) യിൽ നിന്ന് നിവേദനം: റസൂൽ (സ) പറഞ്ഞു: നിശ്ചയം, അല്ലാഹു സ്വഫ്ഫുകളിൽ വലത് ഭാഗത്തുള്ളവരുടെമേൽ അനുഗ്രഹം ചൊരിയുന്നു. മലക്കുകൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു. (അബൂദാവൂദ്).

### 13. നമസ്കാരത്തെ കാത്തിരിക്കുന്നവൻ

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ " لاَ يَزَالُ الْعَبْدُ فِي صَلاَةٍ مَا كَانَ فِي مُصَلاَّهُ يَنْتَظِرُ الصَّلاَةَ وَتَقُولُ الْمَلاَئِكَةُ اللَّهُمَّ اغْفِرْ لَهُ اللَّهُمَّ ارْحَمْهُ . حَتَّى يَنْصَرِفَ أَوْ يُحْدِثَ " . قُلْتُ مَا يُحْدِثُ قَالَ يَفْسُو أَوْ يَضْرِطُ

അബൂഹുറൈറയിൽ(റ) നിന്ന് നിവേദനം: നബി(സ്വ) പറഞ്ഞു: 'ഒരു ദാസൻ തന്റെ മുസ്വല്ലയിൽ നമസ്കാരത്തെ കാത്തിരിക്കുന്ന സമയമത്രയും അവൻ നമസ്കാരത്തിലായിരിക്കും. മലക്കുകൾ (അവന് വേണ്ടി) പ്രാർത്ഥിക്കും: അല്ലാഹുവേ ഇദ്ദേഹം പിരിഞ്ഞു പോകുന്നതുവരേയോ അല്ലെങ്കിൽ ഇയാൾക്ക് വുളു നഷ്ടമാകുന്നതുവരെയോ ഇദ്ദേഹത്തിന് പൊറുക്കേണമേ, ഇദ്ദേഹത്തോട് കരുണ കാണിക്കേണമേ. ഞാൻ ചോദിച്ചു: എന്താണ് വുളുവിനെ നഷ്ടമാക്കുക? നബി (സ്വ) പറഞ്ഞു: കീഴ്വായു പോകലാണ്. (മുസ്ലിം)

### 14. നമസ്കരിച്ച സ്ഥലത്തുതന്നെ ഇരിക്കുന്നവൻ

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : الْمَلاَئِكَةُ تُصَلِّي عَلَى أَحَدِكُمْ مَا دَامَ فِي مُصَلاَّهُ الَّذِي صَلَّى فِيهِ، مَا لَمْ يُحْدِثْ، تَقُولُ اللَّهُمَّ اغْفِرْ لَهُ اللَّهُمَّ ارْحَمْهُ

അബൂഹുറൈറ(റ) നിവേദനം: വുളു മുറിയാത്ത അവസ്ഥയിൽ ഒരാൾ താൻ നമസ്കരിച്ച സ്ഥലത്തുതന്നെ ഇരിക്കുന്ന സമയത്ത് മലക്കുകൾ അവനുവേണ്ടി പാപമോചനത്തിന് തേടുന്നതാണ്. അവർ പറയും: അല്ലാഹുവേ, ഇവന് നീ പൊറുത്തു കൊടുക്കേണമേ, അല്ലാഹുവേ, ഇവന് നീ പൊറുത്തു കൊടുക്കേണമേ. (ബുഖാരി)

**ഈ ഹദീഥിന്റെ വിശദീകരണത്തിൽ ഇബ്നു ബത്വാൽ رحمه الله പറഞ്ഞു:**

من كان كثير الذنوب وأراد أن يحطها الله عنه بغير تعب؛فليغتنم ملازمة مكان مصلاه بعد الصلاة ليستكثر من دعاء الملائكة واستغفارهم له ، فهو مرجو إجابته [شرح صحيح البخاري ٣ / ١١٤]

ആരാണോ ധാരാളം പാപം ഉണ്ടാവുകയും, അവയെ അല്ലാഹു അവനിൽ നിന്ന് യാതൊരു ക്ഷീണവും കൂടാതെ മായ്ച്ച കളയണമെന്ന് ഉദ്ധേശിക്കുകയും ചെയ്യുന്നത്, അ

വന്ന വേണ്ടി മലക്കുകളുടെ ദുആയും പാപമോചനം തേടലും ധാരാളമായി ലഭിക്കാൻ വേണ്ടി നമസ്കാര ശേഷം അവന്റെ നമസ്കാര സ്ഥലത്ത് തന്നെ കഴിഞ്ഞു കൂടുന്നതിനെ അവൻ മുതലാക്കിക്കൊള്ളട്ടെ, അത് ഉത്തരം പ്രതീക്ഷിക്കപ്പെടുന്നതാണ്

- നമസ്കാരം കഴിഞ്ഞ ഉടൻ മുസ്വല്ല വിട്ട് പുറത്തപോകാതെ അതേ സ്ഥലത്തു തന്നെ ഇരുന്ന് ദിക്റുകൾ ചെയ്യുന്നതിന്റെ മഹത്വം ഈ ഹദീസിൽ നിന്ന് മനസ്സിലാക്കാം.

### 15. പള്ളിയിൽ പോയി നിസ്കരിക്കുന്നവൻ

عَنْ أَبِي هُرَيْرَةَ، قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : مَنْ تَطَهَّرَ فِي بَيْتِهِ ثُمَّ مَشَى إِلَى بَيْتٍ مِنْ بُيُوتِ اللَّهِ لِيَقْضِيَ فَرِيضَةً مِنْ فَرَائِضِ اللَّهِ كَانَتْ خَطْوَتَاهُ إِحْدَاهُمَا تَحُطُّ خَطِيئَةً وَالأُخْرَى تَرْفَعُ دَرَجَةً

ബുറൈദയിൽ (റ) നിന്ന് നിവേദനം: നബി (സ്വ) പറഞ്ഞു: ആരെങ്കിലും അല്ലാഹുവിനോടുള്ള നിർബന്ധ ബാധ്യതയായ നമസ്കാരം നിർവ്വഹിക്കുന്നതിനായി തന്റെ വീട്ടിൽ നിന്ന് വുളു ചെയ്ത് ശുദ്ധി വരുത്തി അല്ലാഹുവിന്റെ ഭവനങ്ങളിൽ പെട്ട ഏതെങ്കിലും ഒരു പള്ളിയിലേക്ക് പുറപ്പെടുന്നപക്ഷം അവന്റെ കാലടികൾ വെക്കുന്നതിനനുസരിച്ച് ഓരോ പാപങ്ങൾ ഉതിർന്ന് പോകുകയും പദവികൾ ഉയർത്തപ്പെടുകയും ചെയ്യാതിരിക്കില്ല.(മുസ്ലിം)

### 16. വുളുവോട് കൂടി ഉറങ്ങുക

عَنِ الْبَرَاءِ بْنِ عَازِبٍ، قَالَ قَالَ النَّبِيُّ صلى الله عليه وسلم : إِذَا أَتَيْتَ مَضْجَعَكَ فَتَوَضَّأْ وُضُوءَكَ لِلصَّلاَةِ

അൽബറാഇബ്ന് ആസിബിൽ(റ) നിന്ന് നിവേദനം. നബി (സ്വ) പറഞ്ഞു: താങ്കൾ താങ്കളുടെ വിരിപ്പിലേക്ക് (ഉറങ്ങുന്നതിനായി) ചെല്ലുവാൻ ഉദ്ദേശിച്ചാൽ നമസ്കാരത്തിന് വുളു ചെയ്യുന്നതുപോലെ വുളു ചെയ്യുക. (ബുഖാരി)

- ഉറങ്ങുമ്പോൾ വുളു എടുക്കുന്നതിലൂടെ മലക്കിന്റെ പ്രാർത്ഥന അവന് ലഭിക്കുവാൻ കാരണമാകുന്നു.

عَنِ ابْنِ عُمَرَ ـ رضى الله عنهما ـ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَنْ بَاتَ طَاهِرًا بَاتَ فِي شِعَارِهِ مَلَكٌ ، فَلَمْ يَسْتَيْقِظْ إِلا قَالَ الْمَلَكُ : اللَّهُمَّ اغْفِرْ لِعَبْدِكَ فُلانٍ ، فَإِنَّهُ بَاتَ طَاهِرًا

നബി (സ്വ) പറഞ്ഞു:' ആരെങ്കിലും ശുദ്ധിയോടുകൂടി രാത്രി കഴിച്ചുകൂട്ടിയാൽ അവന്റെ അടിവസ്ത്രത്തിൽ ഒരു മലക്ക് ഉണ്ടായിരിക്കും.അവൻ ഉറക്കം ഉണർന്നാൽ മലക്ക് ഇപ്രകാരം പറയും: അല്ലാഹുവേ നിന്റെ ഇന്ന അടിമക്ക് നീ പാപമോചനം നൽകേണമേ, കാരണം അവൻ ശുദ്ധിയുള്ളവനായിട്ടാണ് രാത്രി കഴിച്ചു കൂട്ടിയത്. (സ്വഹീഹ് ഇബ്നു ഹിബ്ബാൻ - അൽബാനി ഈ ഹദീസിനെ സ്വഹീഹെന്ന് വിശേഷിപ്പിച്ചു)

### 17. ഭക്ഷണം കഴിക്കുന്നവരുടെ അടുത്ത് ഇരിക്കുന്ന നോമ്പുകാരൻ

عَنْ أُمِّ عُمَارَةَ الأَنْصَارِيَّةِ، أَنَّ النَّبِيَّ صلى الله عليه وسلم دَخَلَ عَلَيْهَا فَقَدَّمَتْ إِلَيْهِ طَعَامًا فَقَالَ " كُلِي . فَقَالَتْ إِنِّي صَائِمَةٌ . فَقَالَ رَسُولُ اللَّهِ صلى الله عليه وسلم : إِنَّ الصَّائِمَ تُصَلِّي عَلَيْهِ الْمَلاَئِكَةُ إِذَا أُكِلَ عِنْدَهُ حَتَّى يَفْرُغُوا . وَرُبَّمَا قَالَ " حَتَّى يَشْبَعُوا "

ഉമ്മു അമ്മാറയിൽ(റ) നിന്ന് നിവേദനം: ഒരിക്കൽ നബി(സ്വ) അവരുടെ അടുക്കൽ കടന്നുചെന്നു. ഉടനെ കുറച്ച് ആഹാരം കൊണ്ടു വെച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'അത് നീ ഭക്ഷിക്കൂ'. അവർ പറഞ്ഞു: 'ഞാൻ നോമ്പുകാരിയാണ്.' അപ്പോൾ നബി (സ്വ) പറഞ്ഞു: 'നോമ്പുകാരന്റെ അടുത്തുവെച്ച് ഭക്ഷണം കഴിച്ചാൽ അവർ വിരമിക്കുന്നതുവരെ മലക്കുകൾ നോമ്പുകാരന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരിക്കും'. ചിലപ്പോൾ അവിടുന്ന് പറയാറുണ്ട്: "അവർക്ക് വയർ നിറയുന്നതുവരെ". (തിർമുദി)

### 18. നോമ്പിന് അത്താഴം കഴിക്കുന്നവർ

عَنْ أَبِي سَعِيدٍ الْخُدْرِيِّ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ: إنّ اللهَ وملائكتَه يصلُّون على المتسحِّرين

നബി(സ) പറഞ്ഞു: തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും അത്താഴം കഴിക്കുന്നവർക്കായി സ്വലാത്ത് നിർവ്വഹിക്കുന്നു (അഹ്മദ്)

### ❖ മലക്കുകളുടെ ശാപം ലഭിക്കുന്നവർ

അവനെ അല്ലാഹു ശപിച്ചിരിക്കുന്നു (അവർക്ക്) അല്ലാഹുവിന്റേയും മലക്കുകളുടെയും ശാപമുണ്ടായിരിക്കും, റസൂൽ(സ്വ) ശപിച്ചിരിക്കുന്നു എന്നീ പ്രയോഗങ്ങൾ ഖുർആനിലും ഹദീസുകളിലും ധാരാളം കാണാവുന്നതാണ്. (ശാപം) എന്ന വാക്കിന് അല്ലാഹുവിന്റെ ശിക്ഷ എന്നാണർത്ഥം. ഖുർആനിലും സുന്നത്തിലും ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു വിന്റെ കാരുണ്യത്തിൽ നിന്നും പാപമോചനത്തിൽ നിന്നും അകറ്റപ്പെടലാണ്

أُولَئِكَ الَّذِينَ لَعَنَهُمُ اللَّهُ وَمَنْ يَلْعَنِ اللَّهُ فَلَنْ تَجِدَ لَهُ نَصِيرًا (النساء: ٥٢)

എന്നാൽ അവരെയാണ് അല്ലാഹു ശപിച്ചിരിക്കുന്നത്. ഏതൊരുവനെ അല്ലഹു ശപിച്ചിരിക്കുന്നുവോ അവന് ഒരു സഹായിയെയും നീ കണ്ടെത്തുകയില്ല. (ഖുർആൻ)

**1. നിഷേധികൾ**

إِنَّ الَّذِينَ كَفَرُوا وَمَاتُوا وَهُمْ كُفَّارٌ أُولَئِكَ عَلَيْهِمْ لَعْنَةُ اللَّهِ وَالْمَلَائِكَةِ وَالنَّاسِ أَجْمَعِينَ (البقرة: ١٦١)

സത്യം നിഷേധിക്കുകയും നിഷേധികാളായിതന്നെ മരിക്കുകയും ചെയ്തവരാരോ അവരുടെ മേൽ അല്ലാഹുവിന്റെയും മലക്കുകളുടെയും മനുഷ്യരുടെയും ഒന്നടങ്കം ശാപമുണ്ടായിരിക്കുന്നതാണ്. (അൽ ബകറ)

അവിശ്വാസികളെ മാത്രമല്ല മലക്കുകൾ ശപിക്കുന്നത് ചില പ്രത്യേക തിന്മകൾ ചെയ്യുന്നവർക്കും മലക്കുകളുടെ ശാപം ലഭിക്കും.

### 2. സ്വഹാബികളെ ചീത്ത പറയുക

മുഹമ്മദ് നബി(സ്വ) തന്റെ പ്രവാചകത്വ ദൗത്യവുമായി കടന്നുവന്നപ്പോൾ ഭൂരിപക്ഷം വരുന്ന ഒരു വിഭാഗം ശക്തമായ എതിർപ്പുകളും തീഷ്ണമായ ശത്രുതയും കൊണ്ട് നി ന്നപ്പോൾ സത്യസന്ധമായ സ്നേഹവും ആത്മാർഥമായ പിന്തുണയും നൽകിക്കൊണ്ട് പ്രവാചകനെ പിന്തുണക്കുകയും സഹായി ക്കുകയും ചെയ്ത അനുയായികളാണ് സ്വഹാബത്ത്. ഇബ്നു ഹജർ അൽഅസ്ഖലാനി (റഹി) പറയുന്നു: 'സത്യ വിശ്വാസം സ്വീകരിച്ചുകൊണ്ട് മുഹമ്മദ് നബി (സ്വ) യെ കണ്ടുമുട്ടുകയും മുസ്‌ലിമായി ത്തന്നെ മരിക്കുകയും ചെയ്തവർക്കാണ് സ്വഹാബത്ത് എന്നു പറയുക.' (അൽ ഇസ്വാബ: പേജ് ).

قَالَ : قَالَ رَسُولُ اللهِ صلى الله عليه وسلم : مَنْ سَبَّ أَصْحَابِي فَعَلَيْهِ لَعْنَةُ اللهِ.

നബി (സ്വ) പറഞ്ഞു: ആരെങ്കിലും എന്റെ സ്വഹാബതിനെ ആക്ഷേപിച്ചാൽ അവന്റെ മേൽ അല്ലാഹുവിന്റെ ശാപമുണ്ടാവും. (ത്വബ്റാനി)

عَنِ ابْنِ عَبَّاسٍ , قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ:مَنْ سَبَّ أَصْحَابِي فَعَلَيْهِ لَعْنَةُ اللَّهِ وَالْمَلائِكَةِ , وَالنَّاسِ أَجْمَعِينَ.(طبراني)

എന്റെ സ്വഹാബികളെ ചീത്ത പറയുന്നവന് അല്ലാഹുവിന്റെയും മലക്കുകളുടെയും മുഴുവൻ മനുഷ്യരുടെയും ശാപമുണ്ട്. (ത്വബ്റാനി)

عَنْ أَبِي سَعِيدٍ الْخُدْرِيِّ ـ رضى الله عنه ـ قَالَ قَالَ النَّبِيُّ صلى الله عليه وسلم: لاَ تَسُبُّوا أَصْحَابِي، فَلَوْ أَنَّ أَحَدَكُمْ أَنْفَقَ مِثْلَ أُحُدٍ ذَهَبًا مَا بَلَغَ مُدَّ أَحَدِهِمْ وَلاَ نَصِيفَهُ

അബൂസഈദിൽ ഖുദ്രിയ്യിൽ(റ) നിന്ന് നിവേദനം: നബി ﷺ പറഞ്ഞു: നിങ്ങൾ എന്റെ അനുചരന്മാരെ ചീത്ത പറയരുത്. നിങ്ങളിലൊരാൾ ഉഹ്ദ് മലയോളം സ്വർണം ചെലവഴിച്ചാലും അവർ ചെലവഴിച്ച ഇടങ്ങഴിയുടെയും നാഴിയുടെയും സ്ഥാനത്തേക്കെത്തുകയില്ല. (ബുഖാരി)

### 3. ഭർത്താവിന്റെ വിളിക്കുത്തരം കൊടുക്കാത്ത ഭാര്യ

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنْ النَّبِيِّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ إِذَا دَعَا الرَّجُلُ امْرَأَتَهُ إِلَى فِرَاشِهِ فَأَبَتْ أَنْ تَجِيءَ لَعَنَتْهَا الْمَلَائِكَةُ حَتَّى تُصْبِحَ (بخاري)

അബൂഹുറൈറയിഅൽബാനിൽ (റ) നിന്ന് നിവേദനം : നബി (സ്വ) പറഞ്ഞു: പുരുഷൻ തന്റെ ഭാര്യയെ വിരിപ്പിലേക്ക് ക്ഷണിച്ചിട്ട് (മതിയായ കാരണങ്ങളില്ലാതിരുന്നിട്ടും) അവൾ ചെന്നില്ല. അങ്ങനെ അവൻ അവളോട് രോഷാകുലനായി രാത്രി കഴിച്ചു

കൂട്ടുന്നുവെങ്കിൽ പ്രഭാതം വരെ മലക്കുകൾ അവളെ ശപിച്ചുകൊണ്ടിരിക്കും. (ബുഖാരി: - മുസ്‌ലിം)

4. **തന്റെ സഹോദരന് നേരെ വാളു ചൂണ്ടിയവൻ**

عَنْ ابْنِ سِيرِينَ سَمِعْتُ أَبَا هُرَيْرَةَ قَالَ أَبُو الْقَاسِمِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ مَنْ أَشَارَ إِلَى أَخِيهِ بِحَدِيدَةٍ فَإِنَّ الْمَلَائِكَةَ تَلْعَنُهُ حَتَّى يَدَعَهُ ........ (مسلم)

നബി(സ്വ) പറഞ്ഞു: ഒരാൾ തന്റെ സഹോദരന് നേരെ ആയുധം ചൂണ്ടിയാൽ അവൻ അതിൽ നിന്ന് വിരമിക്കുന്നതുവരെ അല്ലാഹുവിന്റെ മലക്കുകൾ അവനെ (ആയുധം ചൂണ്ടിയവനെ) ശപിച്ചുകൊണ്ടിരിക്കുന്നതാണ്. (മുസ്ലിം)

## ❖ മലക്കുകളോടുള്ള കടമകൾ

1. **അവരെ ദ്രോഹിക്കാതിരിക്കുക.**

മലക്കുകളെ ആക്ഷേപിക്കുകയോ അവരിൽ ന്യൂനതകൾ ആരോപിക്കുകയോ ചെയ്യുന്നവരെ പണ്ഡിതന്മാർ ശക്തമായി എതിർക്കുന്നുണ്ട്. ഇമാം സുയൂത്വി അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ഉദ്ധരിക്കുന്നത്. സഹ്നൂൻ പറഞ്ഞിരിക്കുന്നു. മലക്കുകളെ ചീത്ത വിളിക്കുന്നവനുള്ള ശിക്ഷ വധ ശിക്ഷയാണ്.

2. **പാപങ്ങളിൽ നിന്ന് അകന്നു നിൽക്കുക.**

മലക്കുകളെ ഏറെ വേദനപ്പിക്കുന്ന ഒന്നാണ് മനുഷ്യരിൽ നിന്നുണ്ടാകുന്ന പാപങ്ങൾ അല്ലാഹുവിനെ ധിക്കരിച്ചു തെറ്റുകൾ ചെയ്തു നടക്കുന്ന സ്ഥലങ്ങളിലേക്കും വീടുകളിലേക്കും വിശുദ്ധരായ മലക്കുകൾ വരാൻ ഇഷ്ടപ്പെടുന്നില്ല.

3. **മലക്കുകൾക്ക് അനിഷ്ടകരമായത് ഉപേക്ഷിക്കുക.**

വെളുത്തുള്ളി അടങ്ങിയ ഭക്ഷണം അബൂ ആയ്യൂബുൽ അൻസാരി കൊണ്ടു വന്നപ്പോൾ നബി (സ്വ) കഴിക്കാൻ വിസമ്മതിച്ചു. മലക്കുകൾക്ക് അതിന്റെ ഗന്ധം ഇഷ്ടമില്ല.

عَنْ جَابِرٍ قَالَ: قَالَ النَّبِيُّ ﷺ: مَنْ أَكَلَ ثُومًا أَوْ بَصَلًا فَلْيَعْتَزِلْنَا أَوْ: فَلْيَعْتَزِلْ مَسْجِدَنَا (متفقٌ عليه)

ആരെങ്കിലും വെളുത്തുള്ളിയോ ഉള്ളിയോ (പച്ചക്ക്) തിന്നാൽ നമ്മിൽ നിന്ന് വിട്ടു നിൽക്കട്ടെ, അതായത് നമ്മുടെ പള്ളിയിൽ വരാതിരിക്കട്ടെ.

مَنْ أَكَلَ الْبَصَلَ وَالثُّوم وَالْكُرّاث فَلا يَقْرَبَنَّ مسْجِدَنَا، فَإِنَّ المَلائِكَةَ تَتَأَذَّى مِمَّا يتأَذَّى مِنْهُ بَنُو آدمَ. (مسلم)

മനുഷ്യർക്ക് പ്രയാസമുണ്ടാക്കുന്നതൊക്കെ മലക്കുകൾക്കും പ്രയാസമുണ്ടാക്കും.

- ദുർഗന്ധം വമിക്കുന്ന ഉള്ളിയോ മറ്റോ കഴിച്ചു പള്ളിയിലേക്ക് വന്ന ഒരു വ്യക്തിയോട് നബി (സ്വ) ബകീഅ് കബർ സ്ഥാനിലേക്ക് മാറി പോകാൻ നിർദേശിച്ചത് സ്വഹീഹ് മുസ്ലിമിൽ വന്നിട്ടുണ്ട്.

## ❖ ചില ഓർമ്മപ്പെടുത്തലുകൾ

✓ **സലാം എത്തിക്കുന്ന മലക്കുകൾ**

عن ابن مسعودٍ -رَضِيَ اللهُ عَنْهُ- عن النبيِّ -صَلَّى اللهُ عَلَيْهِ وَآلِهِ وَسَلَّمَ- قال :إنَّ للهِ تَعَالَى مَلائِكَةً سَيَّاحِينَ فِي الأَرْضِ يُبَلِّغُونِي مِن أُمَّتِي السَّلَامَ .(أخرجَهُ أحمد والنسائيُّ بإسنادٍ صحيحٍ)

- ഭൂമയിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ചില മലക്കുകൾ അല്ലാഹുവിനുണ്ട്. എന്റെ ഉമ്മത്തിന്റെ സലാം അവർ എനിക്ക് എത്തിച്ചുകൊണ്ടിരിക്കുന്നു.

✓ **വിജ്ഞാന സദസുകളിൽ മലക്കുകൾ.**

- അറിവിന്റെ സദസുകളിൽ മലക്കുകളുടെ സാന്നിദ്ധ്യം ഉണ്ടാകുമെന്നും അവർ വിജ്ഞാനം തേടിയെത്തിയവർക്ക് വേണ്ടി പ്രാർത്ഥിക്കുമെന്നും നബി (സ്വ) പഠിപ്പിച്ചിട്ടുണ്ട്.

✓ **വഴികളിലൂടെ സഞ്ചരിക്കുന്ന മലക്കുകൾ**

عَنْ أَبِي هُرَيْرَةَ قَالَ قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِنَّ لِلَّهِ مَلَائِكَةً يَطُوفُونَ فِي الطُّرُقِ يَلْتَمِسُونَ أَهْلَ الذِّكْرِ فَإِذَا وَجَدُوا قَوْمًا يَذْكُرُونَ اللَّهَ تَنَادَوْا هَلُمُّوا إِلَى حَاجَتِكُمْ قَالَ فَيَحُفُّونَهُمْ بِأَجْنِحَتِهِمْ إِلَى السَّمَاءِ الدُّنْيَا

വഴികളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ചില മലക്കുകൾ അല്ലാഹവിനുണ്ട്. അവർ ദൈവ പ്രകീർത്തനങ്ങളിലേർപ്പെട്ടവരെ അന്വേഷിച്ചിറങ്ങിയതാണ്. അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുന്ന ഒരു ജനതയെ അവർ കണ്ടാൽ അവർ പരസ്പരം വിളിച്ചു പറയും നിങ്ങൾ തേടിക്കൊണ്ടിരിക്കുന്നതിലേക്ക് വേഗം വരുവീൻ. അങ്ങനെ അവർ താഴെ ആകാശത്തിൽ തങ്ങളുടെ ചിറകുകൾ വിടർത്തി അവരെ വലയം ചെയ്തു നിൽക്കും.

- **മൂന്നു പേരെ മലക്കുകൾ സമീപിക്കില്ല.**

عَنْ عَمَّارِ بْنِ يَاسِرٍ ، أَنَّ رَسُولَ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ : ثَلَاثَةٌ لَا تَقْرَبُهُمُ الْمَلَائِكَةُ : جِيفَةُ الْكَافِرِ وَالْمُتَضَمِّخُ بِالْخَلُوقِ ، وَالْجُنُبُ ، إِلَّا أَنْ يَتَوَضَّأَ

അമ്മാർ ഇബ്നു യാസിർ (റ) വിൽ നിന്നും നിവേദനം; നബി (സ്വ) പറഞ്ഞു; മൂന്ന് വിഭാഗം ആളുകളുടെ സമീപത്തേക്ക് മലക്കുകൾ പ്രവേശിക്കില്ല. അവിശ്വാസിയായി മരിച്ചവന്റെ മൃതദേഹം, ഖലൂഖ് പൂശിയവൻ, വലിയ അശുദ്ധിയുള്ളവൻ വുദു എടുക്കുവോളം.

- ഖാലൂഖ് എന്നാൽ കുങ്കമം ചേർത്തു കൊണ്ടു ഉണ്ടാക്കുന്ന ഒരും തരം സുഗന്ധം (അതിൽ മുങ്ങുക എന്നതാണ് ഉദ്ദേശം) മണത്തിലേറെ നിറത്തിനാണ് പ്രധാന്യം

✓ **ക്വുർആൻ പാരായണവും മലക്കുകളും**

ക്വുർആൻ പാരായണം കേൾക്കുമ്പോൾ മലക്കുകൾ വാനലോകത്തു നിന്നും ഇറങ്ങി വരും. ഉസൈദ്ബ്നു ഹുളൈർ (റ) തന്റെ കാരക്ക ഉണക്കുന്ന കളത്തിലിരുന്ന് ക്വുർആൻ ഓതുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ കുതിര അതിനെ കെട്ടിയിട്ട കുറ്റിയുടെ ചുറ്റും ഓടാൻ തുടങ്ങി. ഓത്തു നിർത്തി, വീണ്ടും ഓതുമ്പോൾ കുതിര വീണ്ടും ഓടും, തന്റെ മകനെ കുതിര ചവിട്ടുമോ എന്നു ഭയപ്പെട്ട് അദ്ദേഹം ആ കുതിരയുടെ സമീപത്തേക്ക് ചെന്നു. അപ്പോൾ അദ്ദേഹം തന്റെ തലക്കു മീതെ കുടം പോലെ ഒരു വസ്തുവിനെ അദ്ദേഹം കണ്ടു. അതിൽവിളക്കുകൾ പോലെയുള്ളവയുണ്ട്. അത് എന്റെ കാഴ്ച്ചയിൽ നിന്ന് മറയുന്നതു വരെ അന്തരീക്ഷത്തിലേക്ക് ഉയർന്നു. ഇതിനെക്കുറിച്ച് നബി (സ്വ) യോട് അദ്ദേഹം ചെന്നു പറയുമ്പോൾ നബി (സ്വ) പറഞ്ഞു. അത് മലക്കുകളായിരുന്നു. നിന്റെ ക്വുആൻ പാരയണം കേൾക്കാൻ വേണ്ടി വന്നതാണ്. നീ വീണ്ടും പാരയണം ചെയ്തിരുന്നെങ്കിൽ പ്രഭാതത്തിൽ ജനങ്ങൾക്കും അവരെ കാണാമായിരുന്നു.

- മലക്കുകളുടെ ശാപം കിട്ടുന്ന കാര്യങ്ങളിൽ നിന്നും അകന്നു നിൽക്കുക.
- മലക്കുകളുടെ പ്രാർത്ഥനകൾ ലഭിക്കുന്ന കാര്യങ്ങൾ വർദ്ധിപ്പിക്കുക
- മലക്കുകളോടുള്ള കമടകൾ ഭംഗിയായി നിർവഹിക്കുക
- അവരുടെ സാന്നിദ്ധ്യം ലഭിക്കുന്ന സാഹതര്യങ്ങൾ സൃഷ്ടിക്കുക.